തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്. വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക്‌വഴി നൽകുന്നതിനുള്ള (ഇ-പേമെന്റ്) വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) തൊഴിലാളികൾക്ക് ബാങ്ക് മുഖേന ശമ്പളം നൽകുന്നതിനും നിയമം അനുശാസിക്കുന്ന വേതനം ലഭിക്കുന്നുണ്ട് എന്നത് ഉറപ്പുവരുത്തുന്നതിനും ഇ-പേയ്മെന്റ് വഴി സാധ്യമാകും.

(സി) ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പ് വരുത്താനും അതാത് സ്ഥാപനത്തിൽ പോകാതെ ഓൺലൈൻമുഖേന തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശോധിക്കുന്നതിനും വേതനം കുറവാണെങ്കിൽ, നിയമനടപടികൾ സ്വീകരിക്കാനും ഇതിലൂടെ കഴിയുന്നതാണ്.

(ഡി) തൊഴിൽ വകുപ്പിന്റെ നൂതന ഇ-ഗവേണൻസ് സംരംഭമായ വേതന സുരക്ഷാ പദ്ധതിയുടെ ഭാഗമായി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിയിട്ടുള്ള ലേബർ കമ്മീഷണറേറ്റ് ഓട്ടോമേറ്റഡ് സിസ്റ്റം എന്ന ഓൺലൈൻ സംവിധാനത്തിൽ ഇ-പേമെന്റ് ഘടകംകൂടി സംയോജിപ്പിച്ച്, തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലൂടെ വേതനം ലഭ്യമാക്കുന്നതിനും അത് നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

പട്ടികജാതിയിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം

28 (*808) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികജാതിയിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമപ്രകാരമുള്ള പരിരക്ഷ ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ അപര്യാപ്തതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) അതിക്രമത്തിനിരയാകുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) ഉണ്ട്. അതിക്രമങ്ങൾക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) നിയമം 1989 ഫലപ്രദമായി നടപ്പാക്കിവരുന്നു. അപര്യാപ്തതകൾ കണ്ടെത്തിയിട്ടില്ല.

(സി) പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) നിയമം 1989-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള ആനുകൂല്യങ്ങളാണ് നിലവിൽ അനുവദിക്കുന്നത്. (ആയതിന്റെ പകർപ്പ് അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.)* അതിക്രമങ്ങൾ തടയൽ നിയമപ്രകാരം അതിക്രമത്തിനിരയായ വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും ധനസഹായം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നു. കൂടാതെ പ്രസ്തുത കേസ്സുകളിൽ സാക്ഷി പറയുന്നവർക്കും അതിക്രമത്തിന് ഇരയായവർക്കും ആശ്രിതർക്കും ടി.എ./ഡി.എ. എന്നിവ അനുവദിക്കുന്നു.

മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന നിലവാരം

29 (*809) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. പുരുഷൻ കടലുണ്ടി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കുതിരവട്ടത്തെ മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗിയെ മർദ്ദിച്ചു കൊലപ്പെടുത്തിയ സംഭവത്തിന്റെ പശ്ചാതലത്തിൽ സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) ആശുപത്രി അധികൃതരുടെ വീഴ്ചയും സൗകര്യങ്ങളുടെ അപര്യാപ്തതയും പരിശോധിച്ചിട്ടുണ്ടോ ;

(സി) മാനസികാരോഗ്യ ചികിത്സ കേന്ദ്രങ്ങളെ ആധുനീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly